പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1579 **01-07-2026-ൽ മറുപടിയ്ക്ക്**

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ (കെ.എം.എസ്.സി.എൽ.) നിയമനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കുറുക്കോളി മൊയ്തീൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) 2016 ഏപ്രിൽ 1 മുതൽ 2026 മെയ് 30 വരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ (കെ.എം.എസ്.സി.എൽ.) കരാറടിസ്ഥാനത്തിലും ദിവസവേതന അടിസ്ഥാനത്തിലും പുനർ നിയമനവുമായി നടന്നിട്ടുള്ള നിയമനങ്ങളെകുറിച്ചും അപ്രകാരം നിയമിക്കപ്പെട്ടവരിൽ ഇപ്പോഴും തുടരുന്നവരെ കുറിച്ചുമുള്ള വിവരങ്ങൾ തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

മറുപടി:

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ 2016 ഏപ്രിൽ 1 മുതൽ 2026 മെയ് 30 വരെ പുനർ നിയമനങ്ങൾ ഒന്നും നടന്നിട്ടില്ല. ടി കാലയളവിൽ കരാർ അടിസ്ഥാനത്തിൽ 231 ജീവനക്കാരേയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം (കരാർ) 73 ജീവനക്കാരേയും, താൽക്കാലിക ദിവസവേതനാടിസ്ഥാനത്തിൽ11 ജീവനക്കാരേയും, ഔട്ട്സോഴ്സ് വ്യവസ്ഥയിൽ (കുടുംബശ്രീ, കെക്സ്കോൺ, എക്സ് സർവ്വീസ്മെൻ ലീഗ്) 143 ജീവനക്കാരേയും നിയമിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ കരാർ നീട്ടി നൽകിയതിന്റെ വിശദാംശങ്ങളും നിലവിൽ ജോലി ചെയ്യുന്നവരുടെ കരാർ ഏറ്റവും ഒടുവിൽ നീട്ടി നൽകിയതെന്നാണെന്നും അറിയിക്കാമോ;

മറുപടി: കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ കരാർ കാലാവധി 2016 മുതൽ 2022 വരെ ദീർഘിപ്പിച്ചിരുന്നത് കോർപ്പറേഷനിലെ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. എന്നാൽ 2023ന് ശേഷം സർക്കാരിൽ നിന്നുമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് കരാർ ജീവനക്കാർക്ക് കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നത്.

(സി) പ്രസ്തുത സ്ഥാപനത്തിലെ നിയമനം പി .എസ് .സി / എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

മറുപടി: കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ അനുവദിച്ചിട്ടുള്ള 18 സ്ഥിരം തസ്തികകളിലേയ്ക്ക് പി.എസ്.സി വഴി നിയമനം നടത്തുന്നതിനുള്ള സ്പെഷ്യൽ റൂൾസ് സർക്കാർ പരിശോധിച്ചു വരുന്നു. സ്പെഷ്യൽ റൂൾസ് നിലവിൽ ഇല്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

മുഖാന്തിരം കരാർ അടിസ്ഥാനത്തിലും, ഡെപ്യൂട്ടേഷനിലും താൽകാലിക / ദിവസവേതന അടിസ്ഥാനത്തിലും ഔട്ട്സോഴ്സ് വ്യവസ്ഥയിലും ആണ് നിയമനം നടത്തുന്നത്.

(ഡി) 2016 ഏപ്രിൽ 1 മുതൽ 2026 മെയ് 30 വരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ ഒരു തസ്തികയിൽ നിയമിക്കപ്പെട്ടവരിലാരെയെങ്കിലും തസ്തികമാറ്റം/ പ്രൊമോഷൻ എന്നിവ നൽകി മറ്റ് തസ്തികകളിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; അപ്രകാരം നടന്നിട്ടുള്ള നിയമനങ്ങൾ നിയമവിധേയമായിരുന്നുവോയെന്ന് വ്യക്തമാക്കാമോ;

മറുപടി: കോർപ്പറേഷനിലെ അവശ്യമരുന്ന് വിഭാഗത്തിലേയ്ക്കായി ഒരു ഡെപ്യൂട്ടി മാനേജരുടെ സേവനം അത്യാവശ്യമായതിനാൽ പ്രസ്തുത വിഭാഗത്തിലെ അസിസ്റ്റന്റ് മാനേജരായ ശ്രീമതി.കവിത.വി.റ്റി എന്ന കരാർ ജീവനക്കാരിക്ക് കെ.എം.എസ്.സി.എൽ ഡയറക്ടർ ബോർഡ് യോഗതീരുമാന പ്രകാരം 12.07.2022 മുതൽ ഡെപ്യൂട്ടി മാനേജരായി സ്ഥാന കയറ്റം നൽകിയിരുന്നുവെങ്കിലും ആയത് ക്രമപ്രകാരമല്ലാത്തതിനാൽ ഡയറക്ടർ ബോർഡ് തീരുമാന പ്രകാരം 31.07.2023 -ൽ ടിയാളെ അസിസ്റ്റന്റ് മാനേജർ തസ്തികയിലേയ്ക്ക് തരം താഴ്ത്തി ഉത്തരവായിട്ടുണ്ട്.

(ഇ) പ്രസ്തുത കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിയമിക്കപ്പെട്ട കരാർ ജീവനക്കാരിൽ ആരെയെങ്കിലും പ്രൊമോഷൻ / തസ്തികമാറ്റം വഴി നിയമിച്ച ശേഷം തിരികെ പഴയ തസ്തികയിലേക്ക് മാറ്റി നിയമിക്കേണ്ടതായി വന്നിട്ടുണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരുടെ വിവരവും ഇപ്രകാരം നിയമിക്കുവാനുണ്ടായ സാഹചര്യവും വ്യക്തമാക്കാമോ;

മറുപടി: കോർപ്പറേഷനിലെ അവശ്യമരുന്ന് വിഭാഗത്തിലേയ്ക്കായി ഒരു ഡെപ്യൂട്ടി മാനേജരുടെ സേവനം അത്യാവശ്യമായതിനാൽ പ്രസ്തുത വിഭാഗത്തിലെ അസിസ്റ്റന്റ് മാനേജരായ ശ്രീമതി.കവിത.വി.റ്റി എന്ന കരാർ ജീവനക്കാരിക്ക് കെ.എം.എസ്.സി.എൽ ഡയറക്ടർ ബോർഡ് യോഗതീരുമാന പ്രകാരം 12.07.2022 മുതൽ ഡെപ്യൂട്ടി മാനേജരായി സ്ഥാന കയറ്റം നൽകിയിരുന്നുവെങ്കിലും ആയത് ക്രമപ്രകാരമല്ലാത്തതിനാൽ ഡയറക്ടർ ബോർഡ് തീരുമാന പ്രകാരം 31.07.2023 -ൽ ടിയാളെ അസിസ്റ്റന്റ് മാനേജർ തസ്തികയിലേയ്ക്ക് തരം താഴ്ത്തി ഉത്തരവായിട്ടുണ്ട്.

(എഫ്) പ്രസ്തുത കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ തസ്തിക ഒഴിവുകൾ വിജ്ഞാപനം ചെയ്യാതെയും നിയമന ഉത്തരവുകൾ നൽകാതെയും എത്ര ജീവനക്കാർ ജോലി ചെയ്തിരുന്നുവെന്നും പ്രസ്തുത ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ എന്താണെന്നും അറിയിക്കാമോ?

മറുപടി: കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ 2016 ഏപ്രിൽ 1 മുതൽ 2026 മെയ് 30 വരെ ഒഴിവുകൾ വിജ്ഞാപനം ചെയ്യാതെയും നിയമന ഉത്തരവുകൾ നൽകാതെയും ആരെയും നിയമിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ